# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *503 – 19/11/2019 - ലെ മറുപടിക്ക്

## പ്രവാസി നിക്ഷേപത്തിലൂടെ സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കാൻ നടപടി


ചോദ്യം

ശ്രീ. വി.അബ്ദുറഹിമാൻ
ശ്രീ. എം. സ്വരാജ്
ശ്രീ. ജോർജ് എം. തോമസ്
ശ്രീ. ഐ.ബി. സതീഷ്

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)


| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തെ ബാങ്കുകളിലുള്ള ഒന്നരലക്ഷം കോടിയിലധികം വരുന്ന പ്രവാസി സമ്പാദ്യം നിക്ഷേപമാക്കിത്തീർത്ത് സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കാൻ പരിപാടിയുണ്ടോ; | സംസ്ഥാനത്തെ ബാങ്കുകളിലെ നിക്ഷേപങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായാണ് സൂക്ഷിക്കുന്നത്. ഇത് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്നില്ല. |
| (ബി) | ബാങ്കുകളുടെ ഏകീകരണം സംസ്ഥാനത്ത് പൊതുവേ കുറവായിട്ടുള്ള നിക്ഷേപാനുപാതം കൂടുതൽ പ്രതികൂലമാക്കാനിടയുണ്ടോ; ഈ സാഹചര്യത്തിൽ കെ.എസ്.എഫ്.ഇ.യെ ആധുനികീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്ത്, അതുവഴി പ്രവാസി നിക്ഷേപം ആകർഷിച്ച്, കിഫ്ബി മുഖേന പൊതുനിക്ഷേപം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രവാസി ചിട്ടി വിപുലപ്പെടുത്തി കേവലമൊരു ചിട്ടി കമ്പനിയെന്ന സ്ഥിതിമാറ്റാൻ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | സംസ്ഥാനത്തെ ബാങ്കുകളിലുള്ള മൊത്തം നിക്ഷേപവും വായ്പയും അടിസ്ഥാന പ്പെടുത്തിയാണ് നിക്ഷേപാനുപാതം കണക്കാക്കുന്നത്.<br>കെ.എസ്.എഫ്.ഇ യെ കേവലമൊരു ചിട്ടി കമ്പനിയായല്ല കാണുന്നത്. ചിട്ടിക്ക് പുറമെ ഇപ്പോൾ തന്നെ വിവിധ തരം വായ്പാ പദ്ധതികളും നിക്ഷേപ പദ്ധതികളും കെ.എസ്.എഫ്.ഇ-യ്ക്കുണ്ട്. പ്രവാസി ചിട്ടി നടപ്പിലാക്കുകവഴി പ്രവാസി കേരളീയർക്ക് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ പങ്കാളിയാകുന്നതിനുള്ള സുവർണാവസരം ലഭ്യമാക്കുന്നു. അതോടൊപ്പം ഏറ്റവും മികച്ച ഒരു സമ്പാദ്യമാർഗ്ഗം സാങ്കേതിക വിദ്യയുടെ പിൻബലത്തോടുകൂടി അനുഭവവേദ്യമാകുന്നു. ചിട്ടിയിൽ നിക്ഷേപിക്കുന്ന പണം കിഫ്ബി ബോണ്ടുകളായാണ് മാറ്റപ്പെടുന്നതെന്നതിനാൽ അത് എപ്പോൾ വേണമെങ്കിലും തിരിച്ചെടുക്കാവുന്നതുമാണ്. പൂർണ്ണമായും കേന്ദ്ര ചിട്ടി നിയമത്തിന് കീഴിൽ നടക്കുന്നത് കൊണ്ട് നിയമ പരിരക്ഷയും ഇതിനുണ്ട്. നിലവിൽ സാങ്കേതിക വിദ്യ |

| | | |
|---|---|---|
| | | ഉപയോഗിച്ചതിലൂടെ കെ.എസ്.എഫ്.ഇ-യുടെ സമൂലമായ പരിവർത്തനമാണ് ലക്ഷ്യമിടുന്നത്. കെ.എസ്.എഫ്.ഇ-യുടെ മൊത്തം ബിസിനസ്സ് ഇതുമൂലം വർദ്ധിക്കും. കേരളീയരുടെ ഏതു സാമ്പത്തിക ആവശ്യത്തിനും ആശ്രയിക്കാവുന്ന ഒരു അത്താണി ആയി കെ.എസ്.എഫ്.ഇ യെ മാറ്റുക എന്ന ഉദ്ദേശലക്ഷ്യവും ഇതോടൊപ്പമുണ്ട്. |
| (സി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിച്ച് വ്യവസായ രംഗത്ത് ഉത്തേജനം സാധ്യമാക്കുന്നതിനായി നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | ഉണ്ട്. സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഉത്തേജനം നൽകുന്നതിനായി കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പാ നയത്തിൽ കാതലായ മാറ്റങ്ങൾ നടപ്പിലാക്കി. 14.5 ശതമാനം എന്ന പി.എൽ.ആർ പലിശ സംവിധാനത്തിൽ നിന്നും 9.5 ശതമാനം എന്ന ബേസ് റേറ്റ് സംവിധാനത്തിലേയ്ക്ക് മാറിയതോടെ സംസ്ഥാനത്തെ സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ കഴിഞ്ഞു. 2018-19 സാമ്പത്തിക വർഷം വായ്പാ അനുമതിയിൽ മുൻ വർഷത്തെക്കാളും 127 ശതമാനം വർദ്ധന രേഖപ്പെടുത്തി. സ്റ്റാർട്ട് അപ്പുകൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു. പ്രളയാനന്തര പുനർ നിർമ്മാണത്തിന്റെ ഭാഗമായി സർക്കാർ കരാറുകാർക്കായി വിവിധ പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കി. കയർ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനായി ചകിരി മില്ലുകൾക്ക് ലളിത വ്യവസ്ഥകളിൽ വായ്പ നൽകുന്ന പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. 2019-20 സാമ്പത്തിക വർഷം 1500 കോടി രൂപയുടെ വായ്പാ അനുമതിയാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**